LIBRARY ARCHIVES Kerala Legislative Assembly

ദേശീയ പാതകൾ നാലുവരി പാതയാക്കാൻ നടപടി

13 [*168] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതകൾ പൂർണ്ണമായും നാലുവരി പാതയാക്കാൻ നടപടിയുണ്ടോ; ഉണ്ടെങ്കിൽ അവ ഏത് മുതൽ ഏതുവരെയാണെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ദേശീയ പാതകളും നാലുവരിയാക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) സംസ്ഥാനത്ത് എൻ. എച്ച് 17-ഉം (ഇടപ്പള്ളി മുതൽ കോഴിക്കോട് വരെയും, കോഴിക്കോട് മുതൽ മംഗലാപുരം വരെയും) എൻ. എച്ച്. 47-ഉം (വാളയാർ മുതൽ മണ്ണുത്തി വരെ, തൃശ്ശൂർ മുതൽ അങ്കമാലി വരെ, ചേർത്തല മുതൽ കഴക്കൂട്ടം വരെ, കഴക്കൂട്ടം മുതൽ കന്യാകുമാരി വരെ) പൂർണ്ണമായും നാലുവരിപ്പാതയാക്കുവാൻ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്

(ബി & സി) ദേശീയ പാതകൾ നാലുവരിയാക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എട്ടു ദേശീയ പാതകളിൽ എൻ. എച്ച് 17-ഉം, എൻ. എച്ച്. 47-ഉം മാത്രമാണ് കേന്ദ്ര സർക്കാർ നാലുവരിപ്പാതയാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

ദേശീയപാത 17-ൽ ഇടപ്പള്ളി മുതൽ കോഴിക്കോട് വരെയും കോഴിക്കോട് മുതൽ മംഗലാപുരം വരെയുമുള്ള ഭാഗം രണ്ടായി തിരിച്ച് നാലുവരിപ്പാതയാക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ ഇടപ്പള്ളി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത 47-ൽ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തിന്റെ സാധ്യതാ പഠനം നടന്നു വരികയാണ്. കഴക്കൂട്ടം മുതൽ കന്യാകുമാരി വരെയുള്ള പാതയുടെ പഠനം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഏജൻസി നടത്തുകയും റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. എൻ. എച്ച്. 47-നുവേണ്ടി 643.50 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇനിയും ആവശ്യമായ 7.85 ഹെക്ടർ സ്ഥലം ഉടൻതന്നെ സർക്കാർ ഏറ്റെടുത്ത് എൻ. എച്ച്. എ. ഐ.-ക്ക് കൈമാറുന്നതാണ്. എൻ. എച്ച്. 47 കി. മീ. 379.100 മുതൽ 419.100 കി. മീ. വരെയുള്ള 40 കിലോമീറ്റർ ഭാഗം (ചേർത്തല മുതൽ ആലപ്പുഴ വരെ) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നാലുവരിപ്പാതാനിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടി എൻ. എച്ച്. എ. ഐ.-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.